**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **09-10-2024 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായുള്ള പുതിയ പ്രൊപ്പോസൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | (എ) | കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഗാർഹിക കണക്ഷണ നൽകൽ, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി ഫേസ് 1,2 ആയി യഥാക്രമം 16.529 കോടി, 5.25 കോടി, 2.53 കോടി രൂപയുടെ മൂന്ന് പ്രൊപ്പോസൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൻമേൽ വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും സർക്കാർ ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള ടി പദ്ധതിയുടെ പുതിയ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണവും വിശദമാക്കുമോ; | (ബി) | കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഗാർഹികകണക്ഷൻ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾക്കായി DER ഭരണാനുമതിയ്ക്കായി SMMU-AMRUT ലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കുടിവെള്ള വിതരണത്തിന് ആവശ്യമായ 48 MLD ജലശുദ്ധീകരണശാലയുടെ നിർമ്മാണസ്ഥലത്തേക്കുള്ള വഴിയുടെ വ്യക്തതയില്ലായ്മയാണ് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കാലതാമസം വരാൻ കാരണം. |
| (സി) | കോട്ടക്കൽ നഗരസഭ പരിധിയിലെ ജനങ്ങൾ നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മേൽ പ്രൊപ്പോസലുകൾ നബാർഡിന്റെ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; പ്രസ്തുത പദ്ധതി നബാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി അമൃത് -2 പദ്ധതിയിൽ ഉൾപ്പെടുത്തി ഫേസ് 1,2 ആയി യഥാക്രമം 16.529 കോടി, 5.25 കോടി, 2.53 കോടി രൂപയുടെ മൂന്ന് പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി നിലവിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി നബാർഡ് ഹെഡിൽ ഉൾപ്പെടുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ